# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2269
# 14/06/2019 ലെ മറുപടിക്ക്

## എം.എൽ.എ. ആസ്തി വികസന പദ്ധതി

| ചോദ്യം<br>ശ്രീ.എം. നൗഷാദ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശരേഖ പരിഷ് ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | 2012-13 സാമ്പത്തിക വർഷം 11/06/2012 ലെ സ.ഉ(പി) നം.332/2012/ധന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പിലാക്കിയത്. ടി മാർഗ്ഗരേഖയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടത്തി വരുന്നുണ്ട്. നിലവിൽ 04/08/2018 ലെ സ.ഉ(പി) നം. 119/2018/ധന ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നടപ്പിലുള്ളത്. |
| (ബി) | എയ്ഡഡ് വിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള നിരോധനം നീക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | പരിഗണനയിലില്ല |
| (സി) | എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രതിവർഷം പത്ത് ലക്ഷം രൂപയിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ലെന്ന നിബന്ധന പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | 12/05/2017 ലെ സ.ഉ(പി)നം.63/2017/ധന ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ടോയ് ലറ്റ്, പാചകപ്പുര നിർമ്മിക്കുന്നതിനാണ് 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. എയ്ഡഡ് മേഖലയിലെ സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. 01/03/2018 ലെ സ.ഉ(പി)നം. 30/2018/ധന ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ടിന് മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1:1 എന്ന അനുപാതത്തിലായിരിക്കും മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ പരമാവധി 1 കോടി രൂപ ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്. ചലഞ്ച് ഫണ്ടിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നോ ആയിരിക്കും ആനുപാതികമായ സർക്കാർ വിഹിതം നൽകുന്നത്. |
| (ഡി) | എയ്ഡഡ് വിദ്യാലയങ്ങളിൽ എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് ക്ലാസ് മുറികൾ നിർമ്മിക്കാൻ അനുവാദം നൽകാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | |

**സെക്ഷൻ ഓഫീസർ**